# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂലൈ 4**

**July 4**

**2019**

***1193 മിഥുനം 19 വ്യാഴം***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### ഗൃഹചൈതന്യം പദ്ധതി: ശില്പശാല നടത്തി

സംസ്ഥാന ഔഷധ സസ്യ ബോർഡും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനും സംയുക്തമായി നടപ്പാക്കുന്ന ഗൃഹചൈതന്യം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്തു. ഔഷധ സസ്യബോർഡ് എക്സിക്യൂട്ടീവ് അംഗം ഡോ.സഞ്ജീവ് കുമാർ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കൃഷി ഓഫീസർമാർ, തൊഴിലുറപ്പ് അക്രഡിറ്റഡ് എൻജിനീയർമാർ, എംജിഎൻആർഇജിഎസ് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ എൻ.ഹരി, ഡോ.മാത്യു ഡാൻ, പി.എൻ.ശോഭന തുടങ്ങിയവർ പങ്കെടുത്തു. ജില്ലയിലെ എല്ലാ വീടുകളിലും ആര്യവേപ്പിന്റെയും കറിവേപ്പിന്റെയും ഓരോ തൈകൾ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. രണ്ടാം ഘട്ടത്തിൽ കോന്നി, പന്തളം, പറക്കോട്, റാന്നി ബ്ലോക്കുകളിലെ 27 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. (പിഎൻപി 1649/19)

### ഫാക്ടറി ഉടമയ്ക്ക് പിഴ ശിക്ഷ

കുമ്പഴ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കുമ്പഴ എസ്റ്റേറ്റ് സെൻട്രിഫ്യൂജ് സിനക്സ് ഫാക്ടറിയിൽ ടാങ്കറിൽ ഇറങ്ങി വിഷവാതകം ശ്വസിച്ച് ഒരു തൊഴിലാളി മരണപ്പെടുകയും രണ്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്ത അപകടത്തിൽ ഫാക്ടറി കൈവശക്കാരനായ

എൻ.ധർമരാജ്, മാനേജർ അനൂപ് ത്യാഗരാജൻ എന്നിവർക്ക് 30000 രൂപ വീതം പിഴ ശിക്ഷ വിധിച്ചു. ചെങ്ങന്നൂർ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഫയൽ ചെയ്ത കേസിൽ പത്തനംതിട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ് ശിക്ഷ വിധിച്ചത്.

(പിഎൻപി 1650/19)

## ഡയറി പ്രൊമോട്ടർമാരെ നിയമിക്കുന്നു

ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതിയിൻ കീഴിൽ ഡയറി പ്രൊമോട്ടർമാരെ നിയമിക്കുന്നു. എസ്എസ്എൽസി പാസായവർക്ക് അപേക്ഷിക്കാം. പ്രായം 18നും 50നും മധ്യേ ആയിരിക്കണം. 7500 രൂപ പ്രതിമാസം ഇൻസെന്റീവ് ലഭിക്കും. ആഗസ്റ്റ് മുതൽ എട്ട് മാസത്തേക്കാണ് നിയമനം. താത്പര്യമുള്ളവർ ഈ മാസം 15നകം അതത് ക്ഷീരവികസന യൂണിറ്റിൽ അപേക്ഷ നൽകണം. ഇതിലേക്കുള്ള ഇന്റർവ്യൂ കളക്ടറേറ്റിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ 24ന് നടക്കും. കൂടുതൽ വിവരം 0468 2223711 എന്ന നമ്പരിൽ ലഭിക്കും.

(പിഎൻപി 1651/19)

## പൊന്തൻപുഴ: പണപ്പിരിവ് നടത്തുന്നവർക്കെതിരേ അന്വേഷണത്തിന് കളക്ടറുടെ നിർദേശം

മല്ലപ്പള്ളി താലൂക്കിലെ പൊന്തൻപുഴ വലിയകാവ് വന സംരക്ഷണ പട്ടയ സമരസമിതി നേതാക്കൾ പണപ്പിരിവും സ്വത്തു സമ്പാദനവും നടത്തുന്നതായി ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരേ നടപടി സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് ജില്ലാ കളക്ടർ പിബി നൂഹ് നിർദേശം നൽകി.

പൊന്തൻപുഴ വലിയകാവ് വന സംരക്ഷണ പട്ടയ സമരസമിതി നേതാക്കൾ സർക്കാർ സ്ഥലം അതിക്രമിച്ച് പുതിയ നിർമാണങ്ങൾ നടത്തുന്നു, നിലവിലുള്ള സൗകര്യങ്ങളെ തടസപ്പെടുത്തുന്നു, സർക്കാർ സ്ഥലത്തു കൂടി കടന്നു പോകുന്ന റോഡ്, തോട്, വഴി എന്നിവയ്ക്ക് മാറ്റം വരുത്തുന്നു, സർക്കാർ സംവിധാനങ്ങളെയും ജില്ലാ കളക്ടറെയും ചൂഷണം ചെയ്യുന്ന തരത്തിൽ അധികാരങ്ങളും ചുമതലകളും ലഭിച്ചിട്ടുണ്ടെന്ന് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നു എന്നീ വിവരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണത്തിന് കളക്ടർ നിർദേശം നൽകിയത്.

ഭൂരഹിതർക്കും രേഖകളില്ലാതെ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കും പട്ടയം ലഭ്യമാക്കുക എന്ന ബൃഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ജില്ലാ കളക്ടർ കൈക്കൊള്ളുന്ന പ്രവർത്തനങ്ങളുടെ മറവിൽ പണപ്പിരിവ് നടത്തുന്നതിനും സ്വത്ത് സമ്പാദനത്തിനുമായി സമരസമിതി നേതാക്കൾ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ഇതുസംബന്ധിച്ച് ജില്ലാ പോലീസ് മേധാവിക്കു നൽകിയ കത്തിൽ പറയുന്നു. മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വലിയകാവ് പ്രദേശത്തെ കൈവശക്കാരുടെ ഭൂമി വനത്തിന്റെ പരിധിക്ക് പുറത്താണോ, പരിധിയ്ക്കുള്ളിലാണോ എന്നതു സംബന്ധിച്ച് തർക്കം നിലനിന്നിരുന്നതിനാൽ കൈവശക്കാർക്ക് ഇതുവരെ പട്ടയം നൽകിയിരുന്നില്ല. ഈവർഷം ജനുവരി 10ന് റവന്യു വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. പെരുമ്പെട്ടി വില്ലേജിലെ നിർദിഷ്ട പ്രദേശം മാർച്ച് എട്ടിന് സന്ദർശിച്ച ജില്ലാ കളക്ടർ പട്ടയ സമരസമിതി അംഗങ്ങളുമായി ചർച്ച നടത്തുകയും പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് പ്രദേശവാസികളെ അറിയിക്കുകയും ചെയ്തിരുന്നു. (പിഎൻപി 1652/19)

## പൊതുമേഖലാ ബാങ്കുകൾ പ്രവാസികൾക്ക് മതിയായ സഹകരണം നൽകുന്നില്ല: പ്രവാസി കമ്മീഷൻ

പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് നോർക്ക റൂട്ട്സ് പല പദ്ധതികളും തയാറാക്കിയിട്ടുണ്ടെങ്കിലും പൊതുമേഖലാ ബാങ്കുകൾ മതിയായ സഹകരണം നൽകുന്നില്ലെന്ന് പ്രവാസി കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് പി.ഡി. രാജൻ പറഞ്ഞു. പൊതുമേഖലാ ബാങ്കുകളുടെ നിസഹകരണം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു. പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പ്രവാസി കമ്മീഷൻ അദാലത്തിനു ശേഷം സംസാരിക്കുകയായിരുന്നു പ്രവാസി കമ്മീഷൻ ചെയർമാൻ.

കേരളത്തിൽ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കാര്യമായ സഹായം ലഭിക്കുന്നില്ല. സ്വയംതൊഴിൽ സംരംഭം തുടങ്ങിയിട്ടുള്ള പല പ്രവാസികൾക്കും ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകൾ നൽകുന്നില്ല. ഇത് കമ്മീഷനെ ഏറ്റവും അധികം വേദനിപ്പിച്ചു. ഇക്കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും. മലിനീകരണ നിയന്ത്രണ ബോർഡ് ചട്ടങ്ങൾ പാലിക്കാതെ അകാരണമായ ഇടപെടൽ നടത്തുന്നുണ്ട്. റവന്യുവിലെ ചില ഉദ്യോഗസ്ഥർ ആവശ്യമായ അനുമതികൾ നൽകുന്നില്ല. പഞ്ചായത്തുകൾ കെട്ടിട നമ്പർ നൽകുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. വിദേശത്ത് തൊഴിൽ നഷ്ടപ്പെട്ട് നഷ്ടപരിഹാരം ലഭിക്കാതെ തിരികെ വരുന്നവരുടെ അപേക്ഷകളിൽ നോർക്ക സെക്രട്ടറിയെ നിയോഗിച്ച് വിദേശകാര്യ വകുപ്പ് മുഖേന റിപ്പോർട്ട് വാങ്ങുന്നതിന് നടപടി സ്വീകരിക്കും. പ്രവാസികൾക്ക് മികച്ച തൊഴിൽ സൗകര്യം ഒരുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവാസി കമ്മീഷൻ പ്രവർത്തിക്കുമെന്നും കമ്മീഷൻ ചെയർമാൻ പറഞ്ഞു.

ജില്ലയിലെ വിവിധ പ്രവാസി സംഘടനാ പ്രതിനിധികളുമായി കമ്മീഷൻ ചർച്ച നടത്തി. പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ സംഘടനാ ഭാരവാഹികൾ ഉന്നയിച്ചു. നിലവിൽ 60 വയസ് കഴിഞ്ഞവർക്കുകൂടി പ്രവാസി ക്ഷേമനിധിയിൽ അംഗമാകാനും പെൻഷൻ ലഭ്യമാക്കാനും നടപടി വേണമെന്ന് സംഘടനകൾ അഭ്യർഥിച്ചു. ഇതു സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുമെന്നും കമ്മീഷൻ പറഞ്ഞു.

അദാലത്തിൽ 38 പരാതികൾ പരിഗണിച്ചു. ഇതിൽ 20 പരാതിയിൽ തീരുമാനമായി. മറ്റു പരാതികളുടെ കൂടുതൽ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളോട് കമ്മീഷൻ ആവശ്യപ്പെട്ടു. പ്രവാസി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് മൂന്ന് പരാതികളും, നോർക്ക റൂട്ട്സുമായി ബന്ധപ്പെട്ട നാലു പരാതികളും തത്സമയം പരിഹരിച്ചു. പെൻഷൻ, ചികിത്സാ സഹായം എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് പരിഹരിച്ചത്.

പ്രവാസികളുടെയും ബന്ധുക്കളുടേതുമായി ലഭിച്ച ഭൂരിഭാഗം പരാതികളും സ്വയം സംരംഭകർക്ക് അനുമതി നിഷേധിക്കൽ, വായ്പ നിഷേധിക്കൽ, ഭൂമി, കെട്ടിടം, തൊഴിൽ നഷ്ടപ്പെട്ടവർ, ചികിത്സ ധനസഹായം എന്നിവയുമായി ബന്ധപ്പെട്ടായിരുന്നു. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളിൽ റിപ്പോർട്ട് തേടുകയും പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തു വരുകയുമാണ്. പ്രവാസികളുടെയും അവരുടെ ബന്ധുക്കളുടെയും പരാതികൾ സംബന്ധിച്ച് നോർക്ക റൂട്ട്സ്, പ്രവാസി ക്ഷേമ ബോർഡ് എന്നിവയെ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സിറ്റിംഗ് നടത്തി പരിഹാരം കണ്ടുവരികയാണെന്നും, പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കമ്മീഷൻ പ്രവർത്തിക്കുമെന്നും ചെയർമാൻ പറഞ്ഞു.

പ്രവാസി കമ്മീഷൻ അംഗം ബെന്യാമിൻ, ആസാദ് തിരൂർ, മെമ്പർ സെക്രട്ടറി എച്ച്.നിസാർ, നോർക്ക റൂട്സ് സെന്റർ മാനേജർ എ.ബി അനീഷ്, പ്രവാസി ക്ഷേമനിധി ബോർഡ് അസിസ്റ്റന്റ് കെ.എൽ.അജിത് കുമാർ എന്നിവർ പങ്കെടുത്തു.

(പിഎൻപി 1653/19)

## ലൈസൻസിൽ കുടുങ്ങിയ കുട്ടപ്പന് പിന്തുണയുമായി പ്രവാസി കമ്മീഷൻ

പ്രായം ശരീരത്തെ തളർത്തിയെങ്കിലും നിശ്ചയദാർഢ്യമുള്ള മനസിന്റെ ചെറുപ്പവുമായാണ് ലൈസൻസിൽ കുടുങ്ങിയ പ്രവാസിയായിരുന്ന വി എൽ കുട്ടപ്പൻ കളക്ടറേറ്റിൽ നടന്ന അദാലത്തിൽ പ്രവാസി കമ്മീഷന് മുന്നിലെത്തിയത്. ജീവിതവഴിയിൽ ചുവപ്പുനാട വീണിട്ട് വർഷം രണ്ടു കഴിഞ്ഞു. തോറ്റു കൊടുക്കാൻ മനസില്ലാത്തതിനാൽ പ്രതീക്ഷയോടെയാണ് പ്രവാസി കമ്മീഷന്റെ അദാലത്തിലെത്തിയത്.

1973 ൽ ആറന്മുള ഐക്കര ജംഗ്ഷനിൽ സാരഥി എന്ന പേരിൽ കുട്ടപ്പൻ തടിമില്ല് നടത്തിയിരുന്നു. സാമ്പത്തിക നഷ്ടം വന്നതിനാൽ ഇടയക്കു വച്ച് തടിമിൽ സംരംഭം ഉപേക്ഷിച്ച് 1998–ൽ പ്രവാസിയായി. നീണ്ട പതിനഞ്ചു വർഷത്തെ പ്രവാസ ജീവിതത്തിനു ശേഷം 2013 ൽ നാട്ടിലെത്തി. പാതി വഴിയിൽ ഉപേക്ഷിച്ച തടിമില്ല് എന്നമോഹം വീണ്ടും യാഥാർഥ്യമാക്കാൻ കുട്ടപ്പൻ ശ്രമമാരംഭിച്ചു. 2015 നവംബർ ആറിന് സാരഥി വുഡ് ഇൻഡസ്ട്രീസ് എന്ന പേരിൽ തടിമില്ല് പ്രവർത്തനമാരംഭിച്ചു. ആദ്യവർഷങ്ങളിൽ കാര്യങ്ങൾ സുഗമമായി നീങ്ങിയെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡ് ലൈസൻസ് പുതുക്കി നൽകേണ്ട എന്ന് പഞ്ചായത്തിന് നിർദേശം നൽകി. എന്ത് കാരണത്താലാണ് ലൈസൻസ് നിഷേധിച്ചതെന്ന് ഇപ്പോഴും കുട്ടപ്പനറിയില്ല. ലൈസൻസ് പുതുക്കി നൽകാത്തതിനാൽ മില്ല് പ്രവർത്തനങ്ങൾ പൂർണമായും നിന്നു. സർക്കാരിൽ നിന്ന് ലഭിക്കേണ്ടിയിരുന്ന സബ്സിഡിയും നഷ്ടപ്പെട്ടു. ഈ സാഹചര്യത്തിലാണ് പ്രവാസിയായിരുന്ന കുട്ടപ്പൻ പ്രവാസി കമ്മീഷൻ അദാലത്തിനെ സമീപിച്ചത്. പ്രശ്നം കേട്ട പ്രവാസി കമ്മീഷൻ മലിനീകരണ നിയന്ത്രണ ബോർഡിനോടും, ആറന്മുള പഞ്ചായത്ത് സെക്രട്ടറിയോടും 30 ദിവസത്തിനകം വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു. ഉടൻ തന്നെ പ്രശ്നത്തിന് പരിഹാരം കാണുമെന്നും കമ്മീഷൻ ഉറപ്പു നൽകി. (പിഎൻപി 1654/19)

### പദ്ധതിക്ക് നേതൃത്വം നൽകുന്നത് ജില്ലാ കളക്ടർ

## ദുരന്തനിവാരണത്തിന് തദ്ദേശഭരണ തലത്തിൽ സന്നദ്ധസേനവരുന്നു

സന്നദ്ധപ്രവർത്തകരെ ഗ്രാമപഞ്ചായത്ത്, നഗരസഭാ തലത്തിൽ തെരഞ്ഞെടുത്ത് പരിശീലനം നൽകി അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനു സജ്ജരാക്കാൻ ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന കമ്മ്യൂണിറ്റി റസ്ക്യു വോളന്റിയർ സർവീസ്(സിആർവിഎസ്) പദ്ധതി സംബന്ധിച്ച യോഗം തീരുമാനിച്ചു. സംഭവിക്കാൻ സാധ്യതയുള്ള അപകടങ്ങൾ, അഗ്നിരക്ഷാസേന സ്ഥലത്ത് എത്തിച്ചേരുന്നതിന് മുൻപായി ഒഴിവാക്കുന്നതിനോ, തരണം ചെയ്യുന്നതിനോ, ലഘൂകരിക്കുന്നതിനോ സന്നദ്ധപ്രവർത്തകരെ തദ്ദേശസ്വയംഭരണ തലത്തിൽ തെരഞ്ഞെടുത്ത് മികച്ച പരിശീലനം നൽകി സജ്ജരാക്കുകയാണ് കമ്മ്യൂണിറ്റി റസ്ക്യു വോളന്റിയർ സർവീസ്(സിആർവിഎസ്) എന്ന പേരിലുള്ള പദ്ധതിയുടെ ലക്ഷ്യം. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ അഗ്നിരക്ഷാ സേനയുടെ കീഴിൽ നടത്തുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ സർവീസ്(സി.ആർ.വി.എസ്).

പദ്ധതിയിലേക്ക് 18 വയസിന് മുകളിലുള്ള ശാരീരികക്ഷമതയുള്ള 30 സന്നദ്ധപ്രവർത്തകരെ വീതം അതത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തെരഞ്ഞെടുത്ത ശേഷം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർ പട്ടിക തയാറാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിലേക്ക് ജൂലൈ 10ന് അകം നൽകണം. വോളന്റിയർമാരെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആവശ്യമായ സഹായം ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നൽകും. ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർ നൽകുന്ന പട്ടിക പരിശോധിച്ച ശേഷം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ പരിശീലനം നൽകും.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അഗ്നിരക്ഷാസേന, ആരോഗ്യവകുപ്പ്, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പോലീസ് എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അഞ്ചു ദിവസത്തെ സൗജന്യ പരിശീലനം നൽകും. ഇതിനൊപ്പം ജീവൻരക്ഷാ ഉപകരണങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവയും നൽകും.

ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർ ഇതുമായി ബന്ധപ്പെട്ട് ഒരു പദ്ധതി രൂപീകരിക്കുകയും ഫണ്ട് വകയിരുത്തുകയും വേണം. പദ്ധതിയെ നിലവിലെ ഗ്രാമപഞ്ചായത്ത്/ നഗരസഭതല ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പുമായും ബന്ധപ്പെടുത്തണം. ജില്ലയിൽ അടിക്കടിയുണ്ടാകുന്ന ജലാശയങ്ങളിലെയും കുളിക്കടവുകളിലെയും അപകടങ്ങൾ തടയുന്നതിന് സന്നദ്ധ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകും. പദ്ധതിയിൽ ഭാഗമാകാൻ താൽപര്യമുള്ള സന്നദ്ധപ്രവർത്തകർ ജൂലൈ ഏഴിന് അകം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പേര് നൽകണം. പരിശീലനത്തിൽ മികവു പ്രകടിപ്പിക്കുന്നവരെ ഉൾപ്പെടുത്തി ബ്ലോക്ക്തലത്തിൽ പ്രത്യേക ടീം രൂപീകരിക്കും. സന്നദ്ധപ്രവർത്തകരുടെ അന്തിമപട്ടിക പ്രസിദ്ധീകരിച്ച ശേഷം ഇവർക്കുള്ള പരിശീലനം ഓഗസ്റ്റ് ആദ്യവാരം നൽകും.

ജില്ലയിലെ ജലാശയങ്ങളിൽ 2019 ജനുവരി ഒന്നു മുതൽ 2019 ജൂലൈ മൂന്നുവരെ 28 പേർ മുങ്ങിമരിച്ചിട്ടുണ്ട്. മിക്ക ജലാശയങ്ങളിലും കുളിക്കടവുകളിലും അപായസൂചനാ ബോർഡുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സ്ഥാപിച്ചിട്ടില്ല എന്നത് അതീവ ഗൗരവമായി കാണുന്നതായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് പറഞ്ഞു. ജില്ലയിലെ എല്ലാ ജലാശയങ്ങളിലും കുളിക്കടവുകളിലും അപായസൂചനാ ബോർഡുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി സ്ഥാപിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്കും ജില്ലാ കളക്ടർ നിർദേശം നൽകി. എഡിഎം പി.ടി. ഏബ്രഹാം, തിരുവല്ല സബ് കളക്ടർ വിനയ് ഗോയൽ, അടൂർ ആർഡിഒ ബീനാ റാണി, ജില്ലാ ഫയർ ഓഫീസർ എം.ജി. രാജേഷ്, പത്തനംതിട്ട ഫയർ സ്റ്റേഷൻ ഓഫീസർ വി. വിനോദ് കുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ഫോട്ടോ അടിക്കുറിപ്പ്

1) കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പ്രവാസി കമ്മീഷൻ അദാലത്തിൽ നിന്ന്
2) പ്രവാസി കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് പി.ഡി.രാജൻ പ്രവാസി സംഘടനാ പ്രതിനിധി കളുമായി സംസാരിക്കുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**






